# "ഞാൻ എന്തു ചെയ്യണം?"



വി. പി. പൗലോസ്

മണ്ണൂർ സഭയുടെ പ്രസിദ്ധീകരണം

# ഞാൻ എന്തു ചെയ്യണം?

വി. പി. പൗലോസ്

**NJAAN ENTHU CHEYYANAM?**
(Malayalam)

Author
**V. P. Paulose**
Bethel, Valayil House
Keezhillam P. O.
Mannoor, PIN - 683 541
Mob: 9847536311

Published by
**Mannoor Church (Brethren)**

First Impression: January 2007 (Copies: 10,000)

Second Impression: March 2009 (Copies: 10,000)

Third Impression: September 2013 (Copies: 10,000)

Fourth Impression: June 2018 (Copies: 5000)

All rights reserved

Printed at
**Ebenezer Printpack (P) Ltd**
Thrissur - 680 012, Kerala
Tel: 0487 2361892, 2360992

# ഞാൻ എന്തു ചെയ്യണം?

അറിഞ്ഞും അറിയാതെയും, ആത്മാർത്ഥമായും അല്ലാതെയും അനേകർ ചോദിക്കുന്ന ചോദ്യമാണിത്. ഈ ചോദ്യം തങ്ങളുടെ മനഃസാക്ഷിയോടുതന്നെ ചോദിക്കുന്നവർ ഉണ്ട്. മനഃസാക്ഷി നല്കുന്ന ഉത്തരം അനുസരിച്ച് അവർ ജീവിക്കാൻ ശ്രമിക്കുന്നു. മറ്റു ചിലർ ഈ ചോദ്യം മതഗുരുക്കന്മാരോടു ചോദിക്കുന്നു. അവരുടെ വാക്കുകൾ അന്ധമായി അനുസരിച്ചു ജീവിതം ധന്യമാക്കാൻ ശ്രമിക്കുന്നു. ഈ ചോദ്യം ആത്മാർത്ഥതയോടെ ദൈവത്തോടു ചോദിക്കേണ്ടതാണ്. ദൈവത്തിന്റെ വായിൽനിന്നുള്ള മറുപടിയാണ് ബൈബിൾ നമുക്കു തരുന്നത് *(സങ്കീർത്തനം 119:72; 2 തിമൊഥെയൊസ് 3:16; മത്തായി 4:4).*

എല്ലാം അറിയുന്നവർ ഈ ചോദ്യം ചോദിക്കയില്ല. എന്നാൽ അറിവുകേടുകൾ ഉണ്ടെന്നു സമ്മതിക്കുന്നവരും ദൈവം സർവ്വജ്ഞാനി എന്ന് അംഗീകരിക്കുന്നവരും ഈ ചോദ്യം ദൈവത്തോട് ആത്മാർത്ഥമായി ചോദിക്കും. സത്യാന്വേഷികളെ ദൈവം നിരാശപ്പെടുത്തുകയില്ല. ആഗ്രഹിക്കുന്ന ആത്മാക്കളെ നിശ്ചയമായും തൃപ്തിപ്പെടുത്തും.

ദൈവത്തെ അനുസരിക്കുന്നവർക്കേ ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുകയുള്ളൂ. ദൈവപ്രസാദപ്രകാരം ജീവിക്കുന്നവരിലൂടെ മാത്രമേ ദൈവനാമം മഹത്വപ്പെടുകയുള്ളൂ.

**'ഞാൻ എന്തു ചെയ്യണം?'** എന്ന ചോദ്യത്തിനു ദൈവം നല്കുന്ന നാല് ഉത്തരങ്ങളാണ് ഈ പഠനത്തിൽ നാം ചിന്തിക്കുന്നത്.

# I. രക്ഷിക്കപ്പെടണം

"യജമാനന്മാരേ, രക്ഷപ്രാപിക്കുവാൻ ഞാൻ എന്തു ചെയ്യണം എന്നു ചോദിച്ചു. കർത്താവായ യേശുവിൽ വിശ്വസിക്കുക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും എന്ന് അവർ പറഞ്ഞു" *(അ. പ്രവൃത്തി 16:30,31).*

ആത്മഹത്യയുടെ വക്കിൽ നില്ക്കുന്ന ഒരുദ്യോഗസ്ഥന്റെ ചോദ്യവും, അതിനു ദൈവം തന്റെ ദാസന്മാരിലൂടെ നല്കിയ മറുപടിയുമാണ് ഈ വേദഭാഗത്ത്! തന്റെ കൃത്യനിർവ്വഹണത്തിൽ സംഭവിച്ച അസാധാരണമായ വീഴ്ച തന്നെ അസ്വസ്ഥനാക്കി. അവൻ വാളൂരി തന്നെത്താൻ കൊല്ലുവാൻ ഭാവിച്ചു. ദൈവദാസനായ പൗലൊസിന്റെ വാക്കുകൾ തന്നെ ജീവിതത്തിലേക്കു തിരിച്ചുകൊണ്ടുവരികയായിരുന്നു. ഏതു ഗുരുതരമായ പ്രതിസന്ധിയിൽ അകപ്പെട്ടവരെയും രക്ഷിക്കുവാൻ യേശുക്രിസ്തു പ്രാപ്തനാണ്. നിരാശനായ മനുഷ്യനെ സഹായിക്കുവാൻ കർത്താവിനു മാത്രമേ കഴിയുകയുള്ളൂ.

കാരാഗൃഹപ്രമാണി ഈ ചോദ്യത്തിൽ തന്റെ അരക്ഷിതാവസ്ഥ സമ്മതിക്കയായിരുന്നു. തങ്ങളുടെ അരക്ഷിതാവസ്ഥ സമ്മതിച്ച് ആശ്രയിക്കുന്നവർക്കേ കർത്താവിന്റെ സഹായം അനുഭവിക്കുവാൻ സാധിക്കയുള്ളൂ. കർത്താവ് തന്റെ തൊഴിൽ പ്രതിസന്ധിക്കു പരിഹാരം നല്കി. രോഗപ്രതിസന്ധിയിൽ കർത്താവ് നല്കിയ വിടുതലിന്റെ തെളിവുകൾ തിരുവെഴുത്തിൽ ധാരാളം ഉണ്ടല്ലോ. നമ്മുടെ കർത്താവ് വിടുവിക്കുന്നവനാണ്.

അനുദിനജീവിതത്തിൽ അകപ്പെടുന്ന അരക്ഷിതാവസ്ഥ യിൽനിന്നു മാത്രം രക്ഷിക്കുന്നവനല്ല കർത്താവ്. പാപത്തിന്റെ അരക്ഷിതാവസ്ഥയിൽനിന്നു പൂർണ്ണമായ രക്ഷ നല്കുവാൻ പ്രാപ്തനാണ്. "അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവനു യേശു എന്നു പേരിടണം എന്നു പറഞ്ഞു" *(മത്തായി 1:21).*

യേശുക്രിസ്തു പാപത്തിന്റെ അരക്ഷിതാവസ്ഥയിൽനിന്നു രക്ഷിക്കുന്നവനാണ്. *എബ്രായർ 7:25* "അതുകൊണ്ട് താൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവർക്കുവേണ്ടി പക്ഷ വാദം ചെയ്യുവാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിക്കുവാൻ അവൻ പ്രാപ്തനാകുന്നു."

യേശുക്രിസ്തു രക്ഷിതാവ് എന്ന നിലയിൽ പാപപ്രശ്ന ത്തിനു പൂർണ്ണമായ പരിഹാരമാണു നല്കുന്നത്.

പാപം മനുഷ്യനെ ദൈവത്തിൽനിന്നു വേർപെടുത്തി. നിരാശ നായ മനുഷ്യൻ അസമാധാനത്തിന്റെ നീർച്ചുഴിയിൽ ചുറ്റി ത്തിരിയുകയാണ്. ഒരാശ്വാസത്തിനുവേണ്ടി എന്തും ചെയ്യുവാൻ തയ്യാറാവുകയാണ്. "എന്നെ ആർ വിടുവിക്കും?" എന്ന ദീന രോദനം അനേകരിൽനിന്നു കേൾക്കുന്നു. പാപത്തിന്റെ ശമ്പളം കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നുള്ള നിത്യനാശം എന്ന ശിക്ഷാവിധി ആണെന്ന സത്യം *(2 തെസ്സലൊനീക്യർ 1:10)* അനേകരെ പരി ഭ്രാന്തരാക്കുന്നു. മറ്റു ചിലർ കണ്ണടച്ച് ഇരുട്ടാക്കുന്നതുപോലെ, സ്വർഗ്ഗവും നരകവും ഇല്ലെന്നു പറഞ്ഞ് വൃഥാ സമാധാനിക്കാൻ ശ്രമിക്കുന്നു.

*ലൂക്കൊസ് 16:19-31* വാക്യങ്ങളിൽ കർത്താവ് ഈ സത്യത്തെ വ്യക്തമായി വിശദീകരിക്കുന്നുണ്ട്. ആത്മരക്ഷ പ്രാപിക്കാതെ മരിച്ച ധനവാൻ പാതാളത്തിൽ യാതനാസ്ഥലത്ത് എത്തി

ച്ചേർന്നു. പാതാളത്തിൽ കിടന്നുള്ള പ്രാർത്ഥനകൾക്ക് പ്രത്യേകിച്ചൊരു പ്രയോജനവും ഉണ്ടായില്ല. രക്ഷ ഈ ലോകത്തിൽ ജീവിച്ചിരിക്കുമ്പോഴാണു നേടേണ്ടത്. മരണാനന്തരക്രിയകളാലും പ്രാർത്ഥനയാലും രക്ഷ ലഭിക്കും എന്നുള്ളതു മതങ്ങൾ തീർത്തിരിക്കുന്ന ചതിക്കുഴിയാണ്. ഈ കുഴിയിൽ വീണു നരകത്തിൽ എത്തിയിട്ടുള്ളവർ അനവധിയാണ്!

പാപത്തിന്റെ ശമ്പളമായ നിത്യനരകത്തിൽനിന്നു മനുഷ്യനെ രക്ഷിക്കേണ്ടതിനാണു യേശുക്രിസ്തു ലോകത്തിൽ വന്നത്. ദൈവം മനുഷ്യനായി ലോകത്തിൽ ജനിച്ചു; പാപിയെ സ്നേഹിച്ച് അവൻ പാപരഹിതനായി ജീവിച്ചു. മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻപ്രകാരം മരിച്ചു *(1 കൊരിന്ത്യർ 15:3);* നീതികെട്ട മനുഷ്യന്റെ നീതീകരണത്തിനായി മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു *(റോമർ 4:24).* സ്വർഗ്ഗാരോഹണം ചെയ്ത കർത്താവ് മഹാപുരോഹിതനായി പിതാവിന്റെ സന്നിധിയിൽ ജീവിക്കുന്നു. ഏതു പാപിയെയും പൂർണ്ണമായി രക്ഷിക്കുവാൻ കർത്താവ് പ്രാപ്തനാണ്.

## രക്ഷ എങ്ങനെ അനുഭവമാക്കാം?

കർമ്മമാർഗ്ഗമാണ് മതങ്ങൾ നല്കുന്ന ഉത്തരം. സൽപ്രവൃത്തികളാൽ രക്ഷ എന്നത് ഏറെ പ്രചാരമുള്ള ദുരുപദേശമാണ്. *എഫെസ്യർ 2:8,9* വാക്യങ്ങളിൽ പൗലൊസ് അപ്പൊസ്തലൻ പത്ഥ്യോപദേശം പ്രകാശിപ്പിക്കുന്നു:

“കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല.” പ്രവൃത്തികളാൽ രക്ഷ നേടാം എന്നുള്ളത് കൃപയുടെ സുവിശേഷം അല്ല. കൃപയാൽ വിശ്വാസത്താൽ രക്ഷ നേടിയവർ സൽപ്രവൃത്തികൾക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാണെന്നുള്ളതു വിസ്മരിക്കരുത് *(എഫെസ്യർ 2:10).*

ന്യായപ്രമാണം ദുഷ്പ്രവൃത്തികളെ വിലക്കുന്നതും സൽ പ്രവൃത്തികളെ പ്രോൽസാഹിപ്പിക്കുന്നതുമാണ്. എന്നാൽ ന്യായ പ്രമാണം അനുസരിച്ച് ഒരു പാപിക്കും ദൈവമുമ്പാകെ നീതീ കരിക്കപ്പെടാൻ കഴിയില്ല. ന്യായപ്രമാണത്താൽ നീതി വരുന്നു എന്ന ഉപദേശം, യേശുക്രിസ്തുവിന്റെ മരണത്തെ നിരർത്ഥക മാക്കുന്ന ദുരുപദേശമാണ്. *ഗലാത്യർ 2:21* നോക്കുക: "ഞാൻ ദൈവത്തിന്റെ കൃപ വ്യർത്ഥമാക്കുന്നില്ല; ന്യായപ്രമാണത്താൽ നീതി വരുന്നു എങ്കിൽ ക്രിസ്തു മരിച്ചത് വെറുതെയല്ലോ." വിശ്വാസമാണ് രക്ഷയുടെ മാർഗ്ഗം *(റോമർ 3:27).*

## (a) പാപിയാണെന്നു ദൈവമുമ്പാകെ സമ്മതിക്കണം

തങ്ങളുടെ അരക്ഷിതാവസ്ഥയെ സമ്മതിച്ച് ആശ്രയിക്കുന്ന വരെ മാത്രമേ ദൈവം സഹായിക്കുകയുള്ളൂ. പാപത്തെക്കുറിച്ച് അനുതപിച്ചു പൂർണ്ണമായി രക്ഷിക്കാൻ പ്രാപ്തനായ കർത്താവി നോട് ഏറ്റുപറയണം. മാനസാന്തരം പാപത്തെ വിടുന്നതും, ദൈവത്തെ പ്രസാദിപ്പിച്ചു ജീവിക്കാൻ തീരുമാനിക്കുന്നതു മാണ്. "മാനസാന്തരപ്പെടുക" എന്നുള്ളത് എല്ലാവരോടും ഉള്ള ദൈവത്തിന്റെ കല്പനയാണ് *(അ. പ്രവൃത്തി 17:30,31);* ചുങ്ക ക്കാരന്റേത് ഒരു മാതൃകാമാനസാന്തരമാണ് *(ലൂക്കൊസ് 18:13).*

## (b) യേശുക്രിസ്തുവിനെ രക്ഷിതാവായി ഹൃദയത്തിൽ വിശ്വസിക്കണം

എന്റെ പാപങ്ങളെ വഹിച്ചു ക്രൂശിൽ മരിച്ച കർത്താവ്, എന്റെ നീതീകരണത്തിനായി ഉയിർത്തെഴുന്നേറ്റ കർത്താവ് എന്നെ പൂർണ്ണമായി രക്ഷിപ്പാൻ പ്രാപ്തനാണെന്നു വിശ്വസിക്കണം. പാപ ത്തിന്റെ വരാൻപോകുന്ന ശിക്ഷയായ നിത്യനരകത്തിൽനിന്നും പാപത്തിന്റെ വർത്തമാനകാല അരക്ഷിതാവസ്ഥയിൽനിന്നും പൂർണ്ണരക്ഷ നല്കുവാൻ കർത്താവ് മതിയായവനെന്നു വചനം വ്യക്തമാക്കുന്നു. വിശ്വസിക്കുന്ന പാപിക്കു കർത്താവിന്റെ നാമ ത്തിൽ പാപമോചനം ഉണ്ട് *(അ. പ്രവൃത്തികൾ 10:43).*

യേശുക്രിസ്തുവിനെ കർത്താവെന്നു വായ്കൊണ്ട് ഏറ്റു പറഞ്ഞ് അംഗീകരിക്കണം *(റോമർ 10:9,10).* കർത്തൃത്വം കർത്താവിന് ഏല്പിച്ചുകൊടുക്കുന്നതാണ് ജീവിതപരിവർത്തനത്തിനു നിദാനം. യേശുക്രിസ്തു ജീവിതത്തിലേക്കു കടന്നുവരും. ജീവിതത്തിന്റെ ഭരണം ഏറ്റെടുക്കും; പാപത്തിന്റെ അന്ധകാരം നിറഞ്ഞ ജീവിതത്തിൽ വിശുദ്ധിയുടെ പ്രകാശം പ്രസരിക്കും. പിശാചിന്റെ മകൻ ദൈവമകനായിത്തീരും *(യോഹന്നാൻ 1:12).* ദൈവത്തിന്റെ രാജ്യം ജന്മാവകാശമാകും; ജീവപുസ്തകത്തിൽ പേരെഴുതപ്പെടും. രണ്ടാംമരണമാകുന്ന തീപ്പൊയ്കയിൽനിന്നു രക്ഷ ലഭിക്കും *(വെളിപ്പാട് 20:15).*

രക്ഷപ്രാപിക്കേണ്ടതിന് എന്തും ചെയ്യാൻ ഒരുക്കമുള്ള ചിലരെ പിശാച് വഞ്ചനയിൽ കുടുക്കി ഈ അനുഭവത്തിൽനിന്ന് അകറ്റിക്കളയാറുണ്ട്. നിത്യജീവനെ അവകാശമാക്കേണ്ടതിന് എന്തും ചെയ്യാൻ ഒരുക്കമുള്ളൊരു യുവാവിനെ *മർക്കൊസ് 10:17-27* വാക്യങ്ങളിൽ കാണാം. പെരുവഴിയിൽ മുട്ടുകുത്തിയാണ് അവൻ കർത്താവിനോടു സംസാരിക്കുന്നത്. അവൻ സമ്പത്തിൽ ആശ്രയിക്കുന്നവനാകയാൽ, "നീ പോയി നിനക്കുള്ളത് എല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക എന്നു കർത്താവ് അവനോടു പറഞ്ഞു. അവൻ വളരെ സമ്പത്തുള്ളവൻ ആകകൊണ്ട് ഈ വചനത്തിങ്കൽ വിഷാദിച്ചു ദുഃഖിതനായി പൊയ്ക്കളഞ്ഞു." താൽക്കാലികമായ സമ്പത്തിനോടുള്ള സ്നേഹം, നിത്യജീവൻ നഷ്ടമാകാൻ കാരണമായി.

കർത്താവിനെ അനുഗമിക്കുന്നതിനുള്ള അസുലഭ അവസരം അപ്പന്റെ തടസ്സത്താൽ അലക്ഷ്യമാക്കിയ ഒരു ഹതഭാഗ്യനെ *ലൂക്കൊസ് 9:59* ൽ കാണുന്നുണ്ട്. അവനാണോ, അപ്പനാണോ ആദ്യം മരിച്ചത് എന്നറിയില്ല. ജഡസംബന്ധമായ ഹാർദ്ദത്തെ കരുതി നിത്യജീവനെ നഷ്ടമാക്കുന്നത് എത്ര ഭയാനകമാണ്.

നിത്യനരകത്തിൽനിന്നു വിടുതൽ പ്രാപിച്ച് ദൈവമക്കൾക്കു സ്വർഗ്ഗീയയാത്രക്കാരായി പ്രത്യാശയോടെ ജീവിക്കാം. "വിട്ടു

പിരിഞ്ഞാൽ ക്രിസ്തുവിനോടുകൂടെ" (ഫിലി. 1:23) എന്നു ധൈര്യത്തോടെ മരണത്തെപ്പോലും അഭിമുഖീകരിക്കാം. അവരുടെ ആത്മാവിന്റെ ശാന്തിക്കുവേണ്ടി മരണാനന്തരപ്രാർത്ഥനകളും കൂദാശകളും കർമ്മങ്ങളും ആരും കഴിക്കേണ്ടിവരികയില്ല.

രക്ഷിക്കപ്പെട്ട ദൈവമക്കളെ പരീക്ഷയിൽ കുടുക്കി, പാപത്തിൽ വീഴിക്കാൻ പരീക്ഷകനായ പിശാച് പരിശ്രമിക്കും. വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ച്, ക്രൂശിൽ അവരുടെ മേൽ ജയോത്സവം കൊണ്ടാടിയ ജയാളിയായ കർത്താവ് മുഖാന്തരം പാപത്തിന്റെ മേൽ വിജയം വരിച്ചു വിശുദ്ധരായി ജീവിക്കാം. ഇതു രക്ഷയുടെ വർത്തമാനകാല ജീവിതാനുഭവമാണ്. രക്ഷിക്കപ്പെടാത്തവർക്കു വിജയകരമായ ജീവിതം സാധിക്കയില്ല. ദൈവമക്കളിൽ ദൈവാത്മാവ് വസിക്കുന്നു എന്നുള്ളതിനാൽ (1 കൊരിന്ത്യർ 3:16; റോമർ 8:9) ആത്മാവ് അവരെ സത്യത്തിന്റെ പാതയിൽ വഴിനടത്തും. ആത്മാവിനെ അനുസരിച്ചു നടക്കുന്നവർക്കേ, വിജയകരമായ ജീവിതം സാധിക്കയുള്ളൂ.

പാപത്തിന്റെ ശിക്ഷയിൽനിന്നു രക്ഷിക്കപ്പെട്ട ദൈവമക്കൾ, പാപത്തിന്റെ പരീക്ഷയിൽനിന്നു രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ദൈവമക്കൾ പാപത്തിന്റെ സാന്നിദ്ധ്യത്തിൽനിന്നു രക്ഷിക്കപ്പെടുവാനുള്ളവരാണ്. യേശുക്രിസ്തുവിന്റെ വീണ്ടും വരവിങ്കൽ, നമ്മുടെ താഴ്ചയുള്ള ശരീരം തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപപ്പെടുമ്പോൾ നാം പാപത്തിന്റെ സാന്നിദ്ധ്യത്തിൽനിന്നു രക്ഷപ്രാപിക്കും *(ഫിലിപ്പിയർ 3:20,21).* ഈ ഭാവിപ്രത്യാശയുടെ നിശ്ചയം, നമുക്കു ലഭിച്ച ആത്മരക്ഷയുടെ അനുഭവത്തിൽ അധിഷ്ഠിതമാണ്.

# II. സ്നാനപ്പെടണം

യേശുവിനെ “കർത്താവ്” എന്നു വായ്കൊണ്ട് ഏറ്റുപറഞ്ഞ് അംഗീകരിച്ചവർ, കർത്താവ് കല്പിക്കുന്നതെല്ലാം അനുസരിക്കുവാൻ കടപ്പെട്ടവരാണ്.

വിശ്വസിച്ചു രക്ഷിക്കപ്പെട്ടവർ തുടർന്ന് അനുസരിക്കേണ്ട അനുഷ്ഠാനമാണു സ്നാനം. *മർക്കൊസ് 16:16 ൽ* സ്നാനപ്പെടുന്നതിനുള്ള കല്പന കർത്താവ് തന്നു: “വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും.”

യേശുക്രിസ്തുവിനെ അവിശ്വസിക്കുന്ന പാപമാണ് ഒരു വ്യക്തിയെ നിത്യനരകത്തിൽ എത്തിക്കുന്നത്. ഏറ്റം ഗുരുതരമായ പാപം കർത്താവിനെ അവിശ്വസിക്കുന്ന പാപമാണ് *(യോഹന്നാൻ 16:9; 8:21,24).* വിശ്വസിച്ചു രക്ഷിക്കപ്പെടുന്ന വ്യക്തി, അതേ തുടർന്ന് അനുസരിക്കേണ്ട അനുഷ്ഠാനമാകയാൽ ഈ വാക്യത്തിൽ ഒരുമിച്ചാണ് പറഞ്ഞിരിക്കുന്നത്.

*മത്തായി 28:18-20* വാക്യങ്ങളിൽ സ്നാനപ്പെടുത്തുന്നതിനുള്ള കല്പന കർത്താവ് നല്കുന്നു: “സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു” എന്നു പറഞ്ഞിട്ടാണ് സ്നാനം കഴിപ്പിക്കുന്നതിനുള്ള കല്പന കർത്താവ് നല്കിയത്. ഈ അധികാരത്തിന്റെ അന്തസ്സത്ത ഉൾക്കൊണ്ട അപ്പൊസ്തലന്മാർ, കർത്താവിന്റെ കല്പന അനുസരിക്കാനായി റോമൻചക്രവർത്തിമാരുടെ അധികാരത്തിന് എതിരെ നിന്നിട്ടുണ്ട്. സഹോദരിമാർ ഭർത്താക്കന്മാരെക്കാളധികം കർത്താവിനെ അനുസരിച്ചിട്ടുണ്ട്. മക്കൾ, മാതാപിതാക്കളുടെ

താല്പര്യത്തിനു വിധേയപ്പെടാതെ, കർത്താവിന്റെ താല്പര്യം നിവർത്തിച്ചിട്ടുണ്ട്. മതാധികാരത്തിന്റെ ഭീഷണികളെപ്പോലും തൃണവൽഗണിച്ച്, കർത്താവിനോടുള്ള അനുസരണം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. "ദൈവത്തെക്കാൾ അധികം നിങ്ങളെ അനുസരിക്കുന്നത് ദൈവത്തിന്റെ മുമ്പാകെ ന്യായമോ എന്നു വിധിപ്പിൻ" *(അ. പ്രവൃത്തി 4:19)* എന്ന പ്രതിരോധവാക്കുകളുടെ മുമ്പിൽ മതപ്രമാണികൾപോലും പതറിയിട്ടുണ്ട്. "ഭൂരാജാക്കന്മാർക്ക് അധിപതി"യായ കർത്താവിന്റെ കല്പന അനുസരിക്കുവാൻ സകല മനുഷ്യരും ബാദ്ധ്യസ്ഥരാണ് *(വെളിപ്പാട് 1:5).*

## (a) ആരാണ് സ്നാനപ്പെടേണ്ടത്?

പ്രായം പരിഗണിച്ചാണ് പലരും ഈ ചോദ്യത്തിന് ഉത്തരം പറയുന്നത്. കുട്ടികളാണോ, മുതിർന്നവരാണോ എന്നതല്ല ഇവിടെ പ്രസക്തം. എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്നു കല്പനയുണ്ട്. എന്നാൽ എല്ലായിടത്തും എല്ലാവരും സ്നാനപ്പെടണമെന്നു കല്പനയില്ല.

ആദ്യകാല സഭാചരിത്രം ഈ ചോദ്യത്തിന്റെ ഉത്തരം കൃത്യമായി പറഞ്ഞുതരും.

### 1. സുവിശേഷം കൈക്കൊണ്ടവരാണ് സ്നാനപ്പെടേണ്ടത്

*അ. പ്രവൃത്തി 2:41* "അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു." *2:14* മുതലുള്ള വാക്യങ്ങളിൽ, സഭാചരിത്രത്തിലെ ആദ്യത്തെ പ്രസംഗം നാം വായിക്കുന്നു. "ഈ വക്രതയുള്ള തലമുറയിൽനിന്നു രക്ഷിക്കപ്പെടുവിൻ" എന്നതായിരുന്നു ആഹ്വാനം *(വാ. 40).* രക്ഷയുടെ സന്ദേശം കൈക്കൊണ്ടവരാണ് സ്നാനം ഏറ്റത്, കേട്ടവരല്ല.

### 2. പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നവരാണ് സ്നാനപ്പെടേണ്ടത്

*അ. പ്രവൃത്തി 8:35-37* "ഫിലിപ്പൊസ് ഈ തിരുവെഴുത്ത് ആധാരമാക്കി അവനോട് യേശുവിനെക്കുറിച്ചുള്ള സുവിശേഷം അറിയിക്കുവാൻ തുടങ്ങി. അവർ ഇങ്ങനെ വഴി

പോകയിൽ വെള്ളമുള്ളൊരു സ്ഥലത്ത് എത്തിയപ്പോൾ ഷണ്ഡൻ: ഇതാ വെള്ളം, ഞാൻ സ്നാനം ഏല്ക്കുന്നതിന് എന്തു വിരോധം എന്നു പറഞ്ഞു. അതിനു ഫിലിപ്പൊസ്: നീ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്നു പറഞ്ഞു. യേശുക്രിസ്തു ദൈവപുത്രൻ എന്നു ഞാൻ വിശ്വസിക്കുന്നു എന്ന് അവൻ ഉത്തരം പറഞ്ഞു."

സുവിശേഷത്തിൽ സ്നാനം ഉൾപ്പെടുന്നുണ്ട്. ഫിലിപ്പൊസ് സുവിശേഷം പറഞ്ഞപ്പോൾ, സ്നാനത്തിന്റെ ആവശ്യകതയും വ്യക്തമാക്കിയിരുന്നു. പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നില്ലെങ്കിൽ, ഇപ്പോൾ സ്നാനപ്പെടണ്ട എന്നും സുവിശേഷകൻ വ്യക്തമാക്കുകയായിരുന്നു. പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തണം. വിശ്വസിക്കാത്തവരെ സ്നാനപ്പെടുത്തുന്നത്, മരിക്കാത്തവരെ കുഴിച്ചിടുന്നതുപോലെ കുറ്റകരമാണ്. മരിച്ചവരെ കുഴിച്ചിടേണ്ടത് അത്യാവശ്യവുമാണ്.

## 3. യേശുവിനെ കർത്താവായി സ്വീകരിച്ചവരാണ് സ്നാനപ്പെടേണ്ടത്

*അ. പ്രവൃത്തി 9:18* ൽ സ്നാനപ്പെടുന്നതു ശേംവംശത്തിൽ പിറന്ന, ബെന്യാമീൻഗോത്രക്കാരനായ തർസൊസുകാരനായ ശൗലാണ്. ദമസ്കൊസിലേക്കുള്ള യാത്രയിൽ ശൗൽ യേശുക്രിസ്തുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റുപറയുകയായിരുന്നു *(അ. പ്രവൃത്തി 9:5)*. കർത്തൃത്വം ഏറ്റെടുത്ത ശൗൽ സ്വർഗ്ഗീയദർശനത്തിന് അനുസരണക്കേടു കാണിക്കാതെ ശിഷ്ടായുസ്സ് ജീവിച്ചു *(അ. പ്രവൃത്തി 26:19)*. ഈ അനുസരണമായിരുന്നു പൗലൊസ് യേശുക്രിസ്തുവിന്റെ അനുകാരിയായി ജീവിച്ചതിന്റെ രഹസ്യം *(1 കൊരിന്ത്യർ 11:1)*.

## 4. പരിശുദ്ധാത്മാവ് ഉള്ളവരാണ് സ്നാനപ്പെടേണ്ടത്

*അ. പ്രവൃത്തി 10:47; ഗലാത്യർ 3:2* ൽ വായിക്കുന്നതുപോലെ വിശ്വാസത്തിന്റെ പ്രസംഗം കേട്ടുകൊണ്ടിരിക്കുമ്പോൾ

ത്തന്നെ, ആത്മാവ് അവരുടെ മേൽ വന്നു, “നമ്മെപ്പോലെ പരിശുദ്ധാത്മാവു ലഭിച്ച ഇവരെ സ്നാനം കഴിപ്പിച്ചുകൂടാതവണ്ണം വെള്ളം വിലക്കുവാൻ ആർക്കു കഴിയും എന്നു പറഞ്ഞു.” ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല *(റോമർ 8:9);* കർത്താവിനുള്ളവരുടെ ശരീരം ദൈവത്തിന്റെ മന്ദിരമാണ് *(1 കൊരിന്ത്യർ 6:19).* കർത്താവിന്റെ വകയായിത്തീർന്നവരാണ് കർത്താവിന്റെ കല്പനയനുസരിച്ചു സ്നാനപ്പെടേണ്ടത്.

## 5. മാനസാന്തരസ്നാനം ഏറ്റവരും ക്രിസ്തീയസ്നാനം ഏല്ക്കണം

*അ. പ്രവൃത്തി 19:1–5* ക്രിസ്തീയസ്നാനത്തോട് പല നിലയിൽ സാമ്യമുള്ളതായിരുന്നു യോഹന്നാൻസ്നാപകൻ നടത്തിയ സ്നാനം. എന്നാൽ അവരും കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റു. തങ്ങളുടെ അറിവില്ലായ്മയുടെ കാലത്ത് ആരോ തങ്ങളെ സ്നാനപ്പെടുത്തിയിട്ടുണ്ട് എന്നുള്ളതു രക്ഷിക്കപ്പെട്ടവർ അനുസരിക്കേണ്ട ക്രിസ്തീയ സ്നാനം ഏല്ക്കുന്നതിനു വിഘാതമായിത്തീരേണ്ടതില്ല. “കുഞ്ഞ് ജനിക്കുന്നതിനുമുമ്പേ കുളിപ്പിച്ചു” എന്നു പറയുന്നതുപോലെ ബാലിശമാണ് ഈ ചിന്താഗതി.

പെന്തെക്കോസ്തുനാളിൽ ആരംഭിച്ച ക്രിസ്തീയസഭയുടെ 30 വർഷത്തെ ചരിത്രം അ. പ്രവൃത്തികളുടെ പുസ്തകത്തിൽ ദൈവാത്മാവ് രേഖപ്പെടുത്തുമ്പോൾ, രക്ഷിക്കപ്പെട്ടവരിൽ സ്നാനപ്പെടാത്തവർ ആരുമില്ല. സ്നാനപ്പെടാൻ വിമുഖതയുള്ളവർ പലരും ക്രൂശിലെ കള്ളനെയാണ് കൂട്ടുപിടിക്കുന്നത്. രക്ഷിക്കപ്പെട്ടശേഷം ക്രൂശിലെ കള്ളനെപ്പോലെ മരിക്കേണ്ടിവരുന്നവർക്ക്, സ്നാനമേല്ക്കാൻ സാവകാശം ലഭിക്കയില്ല. ജീവിക്കാൻ അവസരം ലഭിക്കുന്നവർ, സ്നാനമേറ്റു ജീവന്റെ പുതുക്കത്തിൽ നടക്കണം. സ്നാനം പാപിയെ സ്വർഗ്ഗത്തിൽ കൊണ്ടുപോകുന്നതിനുള്ള അനുഷ്ഠാനമല്ല, സ്വർഗ്ഗത്തിൽ കൊണ്ടുപോകുന്ന രക്ഷിതാവിന്റെ കല്പനയോടുള്ള അനുസരണമാണ്.

## (b) എങ്ങനെയാണ് സ്നാനം നടത്തേണ്ടത്?

സ്നാനമേറ്റതിൽ കർത്താവ് ദൈവമക്കൾക്കു മാതൃകയാണ്. ഭക്തകവി കെ.വി. സൈമൺ സാറിന്റെ വാക്കുകൾ നോക്കുക:

സ്നാപകയോഹന്നാൻ
സ്നാനം പ്രതിഗ്രഹിപ്പാൻ
ഗലീല്യനാട്ടിൽനിന്ന്
ദൂരത്തു വന്നു നാഥൻ
നമുക്കു മാതൃകയാം തന്നെ
തുടർന്നു പോകുക നാം

യോഹന്നാനാൽ സ്നാനം ഏല്ക്കുവാൻ, യേശു ഗലീലയിൽ നിന്ന് യോർദ്ദാൻകരെ അവന്റെ അടുക്കൽ വരികയായിരുന്നു. യോഹന്നാന്റെ വിലക്കിനെ വകവയ്ക്കാതെ, സ്വർഗ്ഗീയനീതിക്ക് വിധേയപ്പെട്ടുകൊണ്ടു കർത്താവ് മാതൃക കാണിച്ചു *(മത്തായി 3:13–15).* ഈ സ്നാനം ഏല്ക്കാതെ പരീശന്മാരും ന്യായശാസ്ത്രിമാരും ദൈവത്തിന്റെ ആലോചന തങ്ങൾക്കു വ്യഥാവാക്കിക്കളഞ്ഞു *(ലൂക്കൊസ് 7:29,30).* സ്നാനം ഏല്ക്കാതിരിക്കുന്നതിനുള്ള ന്യായം കണ്ടുപിടിക്കുന്ന ശാസ്ത്രിമാർ ഇക്കാലത്ത് ധാരാളം ഉണ്ട്. അവർ സ്നാനപ്പെടുകയില്ല, മറ്റുള്ളവർ സ്നാനപ്പെടുവാൻ സമ്മതിക്കുകയുമില്ല.

കർത്താവിന്റെ സ്നാനചരിത്രം വായിച്ചാൽ വെള്ളത്തിൽ ഇറങ്ങി, മുങ്ങി, കയറുകയായിരുന്നു എന്നു കാണാം. *മത്തായി 3:16* "യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽനിന്നു കയറി."

അ. പ്രവൃത്തികളുടെ പുസ്തകത്തിലെ ചരിത്രങ്ങളിൽ, സ്നാപകനും സ്നാനവിധവും വ്യക്തമാക്കുന്നത് 8–ാം അദ്ധ്യായത്തിലെ ചരിത്രത്തിലാണ്. സുവിശേഷകൻ ഫിലിപ്പൊസാണ് സ്നാപകൻ. *അ. പ്രവൃത്തി 8:38,39* "ഫിലിപ്പൊസും ഷണ്ഡനും ഇരുവരും വെള്ളത്തിൽ ഇറങ്ങി, അവൻ അവനെ സ്നാനം കഴിപ്പിച്ചു. അവർ വെള്ളത്തിൽനിന്നു കയറിയപ്പോൾ കർത്താവിന്റെ ആത്മാവ് ഫിലിപ്പൊസിനെ എടുത്തുകൊണ്ടുപോയി."

"തളിപ്പ്" സ്നാനത്തിന് ഈ ഇറക്കവും കയറ്റവും ഒന്നും ആവശ്യമില്ലല്ലോ. ഫിലിപ്പൊസ് ഷണ്ഡനെ വെള്ളത്തിൽ മുക്കി സ്നാനപ്പെടുത്തി എന്നു ഗ്രഹിക്കാം.

സ്നാനത്തിന് "baptizo" എന്ന ഗ്രീക്കു പദം ഉപയോഗിച്ചിരിക്കുന്നു. അതിന്റെ അടിസ്ഥാന അർത്ഥം "മുക്കുക" എന്നാണ്. *റോമർ 6:3* കോനാട്ട് മല്പാന്റെ തർജ്ജമയിൽ ഇങ്ങനെ വായിക്കുന്നു: "യേശുമിശിഹായിൽ മാമോദീസ മുങ്ങിയവരായ നാം, അദ്ദേഹത്തിന്റെ മരണത്തിലാകുന്നു മാമോദീസ മുങ്ങിയത്."

ഈ അദ്ധ്യായത്തിൽ സ്നാനത്തിന്റെ അർത്ഥം വ്യക്തമാക്കുമ്പോൾ, ഇതൊരു ഏകീഭാവത്തിന്റെ അനുഷ്ഠാനമെന്നു വിശദീകരിക്കുന്നു. കർത്താവിന്റെ മരണ, അടക്ക, പുനരുത്ഥാനത്തോട് ഏകീഭവിക്കുന്നു. ഈ ഏകീഭാവത്തിന്റെ ചിത്രീകരണം വെള്ളത്തിൽ മുങ്ങിയുള്ള സ്നാനത്തിലേ വ്യക്തമാകയുള്ളൂ *(റോമർ 6:4,5).* പാപത്തിനു മരിച്ച്, പഴയ മനുഷ്യനെ കുഴിച്ചിടുന്ന വിശ്വാസി, ജീവന്റെ പുതുക്കത്തിൽ നടക്കാനുള്ള പ്രഖ്യാപനത്തോടെ വെള്ളത്തിൽനിന്നു കയറി വരികയാണ്. ഈ ഏകീഭാവം വെള്ളത്തിൽ മുങ്ങി സ്നാനപ്പെടുന്നതിലാണല്ലോ വ്യക്തമാക്കപ്പെടുന്നത്.

## (c) സ്നാനത്തിന്റെ പ്രാധാന്യം എന്താണ്?

ദൈവം പ്രാധാന്യം കൊടുക്കുന്ന കാര്യങ്ങൾക്കു പ്രാധാന്യം കൊടുക്കാത്തവർ, തങ്ങളെത്തന്നെ ചതിക്കുന്നവരാണ്. ഒരു കാര്യത്തിനു ദൈവം കൊടുക്കുന്ന പ്രാധാന്യം ദൈവവചനത്തിലാണ് വ്യക്തമാക്കിയിരിക്കുന്നത്. സഭകളുടെ പ്രമാണം, പുതിയനിയമത്തിൽ മൂന്നു ഭാഗങ്ങളിൽനിന്നു പഠിക്കാം:

(i) സുവിശേഷങ്ങളിൽ കർത്താവ് എന്തു കല്പിച്ചു?

(ii) പ്രവൃത്തികളുടെ പുസ്തകത്തിൽ അപ്പൊസ്തലന്മാർ എങ്ങനെ ആചരിച്ചു?

(iii) ലേഖനങ്ങളിൽ എന്ത് ഉപദേശിക്കപ്പെട്ടിരിക്കുന്നു?

ഇതിൽത്തന്നെ, ലേഖനങ്ങളാണ് സഭാപ്രമാണങ്ങളുടെ ആത്യന്തിക രേഖ *(1 തിമൊഥെയൊസ് 3:15; 2 തെസ്സലൊനീക്യർ 2:15).*

(a) സ്നാനപ്പെടുത്തുന്നതിനും സ്നാനപ്പെടുന്നതിനും കർത്താവ് കല്പന തന്നിട്ടുണ്ട് *(മത്തായി 28:18–20; മർക്കൊസ് 16:16).*

(b) കർത്താവിങ്കൽനിന്നു കല്പന ലഭിച്ച അപ്പൊസ്തലന്മാർ കൃത്യമായി ആചരിച്ചിട്ടുണ്ട്. കർത്താവിന്റെ കല്പനയുടെ അർത്ഥവ്യക്തത തന്നെ, അപ്പൊസ്തലന്മാരുടെ ആചരണത്തിലൂടെയും ഉപദേശത്തിലൂടെയുമാണ് നമുക്കു ലഭിക്കുന്നത്. "നിങ്ങളും തമ്മിൽത്തമ്മിൽ കാൽ കഴുകണം" എന്നു കർത്താവ് നല്കിയ കല്പന *(യോഹന്നാൻ 13:14),* ആത്മിക അർത്ഥത്തിലാണ് അപ്പൊസ്തലന്മാർ ആചരിച്ചത് *(ഗലാത്യർ 6:1).*

എന്നാൽ സ്നാനത്തിന്റെ കല്പന ആക്ഷരികമായിത്തന്നെ അനുസരിച്ചു *(അ. പ്രവൃത്തി 2:41; 8:35–40; 9:18; 10:47,48; 16:15).* (യൂറോപ്പിലെ ആദ്യസ്നാനം - *16:33; 19:1–5.)* അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിൽ പണിയപ്പെട്ടിരിക്കുന്ന *(എഫെസ്യർ 2:20)* സഭയിലെ അംഗങ്ങൾ എല്ലാവരും സ്നാനപ്പെടണം; ഇവരെക്കൂടാതെയുള്ള പിതൃപാരമ്പര്യം പിൻപറ്റുന്നവർ *(1 പത്രൊസ് 1:18)* ഇതിൽനിന്ന് ഒഴിവുള്ളവരാണ്.

(c) ലേഖനങ്ങളിൽ സ്നാനത്തിന്റെ അർത്ഥം വിശദീകരിച്ചിരിക്കുന്നു *(റോമർ 6:1–11; 1 കൊരിന്ത്യർ 1:16; ഗലാത്യർ 3:27; 1 പത്രൊസ് 3:20–22).*

ദൈവവചനത്തിലെ ഏറ്റവും ചെറിയ കല്പനകളിൽ ഒന്ന് അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കയും ചെയ്യുന്നവൻ, സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടുമെങ്കിൽ *(മത്തായി 5:19),* കർത്താവിന്റെ ഈ കല്പന അനുസരിക്കാതിരിക്കയും അനുസരിക്കാൻ ആഗ്രഹിക്കുന്നവരെ തടയുകയും ചെയ്യുന്നവരുടെ അവസ്ഥ എന്തായിരിക്കും?!

# III. വേർപെടണം

"അവരുടെ നടുവിൽനിന്നു പുറപ്പെട്ടു വേർപെട്ടിരിപ്പിൻ എന്നു കർത്താവ് അരുളിച്ചെയ്യുന്നു..." *(2 കൊരിന്ത്യർ 6:16).*

*യെശയ്യാവ് 52:11* ൽനിന്നുള്ള ഉദ്ധരണിയാണിത്. പഴയനിയമത്തിലും പുതിയനിയമത്തിലും, തന്റെ ജനം തനിക്കായി വേർപെട്ടു ജീവിക്കണം എന്നാണു ദൈവം ആഗ്രഹിച്ചത്. "നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ടു പുറപ്പെട്ട്, ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക" *(ഉല്പത്തി 12:1)* എന്ന് അബ്രഹാമിനോടു കല്പിക്കുമ്പോൾ, ദൈവത്തിന്റെ ഇഷ്ടം വ്യക്തമാക്കുകയായിരുന്നു. "ഇതാ തനിച്ചു പാർക്കുന്നൊരു ജനം; ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നതുമില്ല" *(സംഖ്യാ. 23:9)* എന്നു ബിലെയാം സാക്ഷ്യപ്പെടുത്തുമ്പോൾ ദൈവം തന്റെ ജനത്തെ ഓർത്ത് അഭിമാനം കൊള്ളുകയായിരുന്നു.

വേർപാടു സൂക്ഷിച്ച ജനത്തിന്റെ ബലം കാട്ടുപോത്തിനു തുല്യമായിരുന്നെങ്കിൽ *(സംഖ്യാ. 24:8),* വേർപാടു നഷ്ടപ്പെടുത്തി ജാതികളോട് ഇടകലർന്നപ്പോൾ അന്യജാതികൾ അവന്റെ ബലം തിന്നുകളഞ്ഞു *(ഹോശേയ 7:8,9).* വേർപാട് വേണ്ടെന്ന ബിലെയാമിന്റെ ഉപദേശങ്ങൾ സഭയിലും ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്നു മുന്നറിയിപ്പു തരുന്നു *(വെളിപ്പാട് 2:14).*

വേർപാട് എന്ന സത്യം *അ. പ്രവൃത്തി 2:41* ൽത്തന്നെ നാം കാണുന്നുണ്ട്: "അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം

ഏറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു." അവർ എല്ലാവരും യെഹൂദമതക്കാരായിരുന്നു. ആ മതത്തോടു വേർപെട്ട് അവർ അപ്പൊസ്തലികവൃന്ദത്തോടു ചേർന്നു.

ആരംഭനാളുകൾ അവർ ദൈവാലയത്തിൽ ഒരുമിച്ചു കൂടുകയും, വീട്ടിൽ കർത്തൃമേശ ആചരിക്കയുമായിരുന്നു *(അ. പ്രവൃത്തി 2:46).* പിന്നീട് അപ്പൊസ്തലന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും വെളിപ്പെട്ട സഭാസത്യങ്ങൾ *(എഫെസ്യർ 2:20; 3:5,6)* പൂർണ്ണമായ വേർപാട് അനിവാര്യമാക്കി. ദൈവത്തിന്റെ മന്ദിരം ഒരു വിശ്വാസിയുടെ ശരീരമാണെന്ന വെളിപ്പാട് അവരെ വിശുദ്ധിയുടെ പുതിയ തലങ്ങളിലേക്കു നയിച്ചു *(1 കൊരിന്ത്യർ 3:16; 6:19).* നിത്യജീവൻ പ്രാപിച്ച വിശ്വാസികളുടെ കൂട്ടമായ പ്രാദേശിക സഭയാണ് 'ദൈവാലയം' എന്ന സത്യം അവരുടെ മുൻധാരണകളെ മാറ്റിമറിക്കുന്നതായിരുന്നു *(1 തിമൊഥെയൊസ് 3:15).*

മല്ക്കീസേദെക്കിന്റെ ക്രമപ്രകാരം മാറാത്ത പൗരോഹിത്യം പ്രാപിച്ച കർത്താവിനോടു ചേർന്ന്, പൗരോഹിത്യപദവി ലഭിച്ചിട്ടുള്ള സഭാംഗങ്ങൾക്ക് അഹരോന്യപൗരോഹിത്യം പിൻപറ്റുന്ന മതങ്ങളിൽനിന്നു വേർപെടുവാൻ വിമുഖത ഉണ്ടാകയില്ല *(എബ്രായർ 7:17,24; 1 പത്രൊസ് 2:9).*

കർത്താവിന്റെ വിലയേറിയ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ട ദൈവജനം, കർത്താവിന്റെ നാമത്തെ മുറുകെപ്പിടിച്ചുകൊണ്ട്, വേർപെട്ട സാക്ഷ്യം സൂക്ഷിക്കണമെന്നാണു ദൈവം ആഗ്രഹിക്കുന്നത് *(അ. പ്രവൃത്തി 15:14).* ദൈവം തന്ന പ്രമാണത്തെ മുറുകെപ്പിടിച്ച് പ്രായോഗികമാക്കുന്നവർക്ക് ഈ സാക്ഷ്യം നല്കുവാൻ സാധിക്കും.

ഭക്തനായ മൊർദ്ദെഖായിയുടെ കാലത്ത്, ദൈവജനമായ യിസ്രായേൽ അന്യദേശത്തുപോലും ഈ സാക്ഷ്യം പുലർത്തി. ശത്രുവായ ഹാമാന്റെ കുറ്റാരോപണം, ദൈവജനം സൂക്ഷിച്ച വേർപാടിന്റെ മഹത്വം വിളിച്ചോതുന്നതായിരുന്നു.

*എസ്ഥേർ 3:8* “പിന്നെ ഹാമാൻ അഹശ്വേരോശ്‌രാജാവി നോട്: നിന്റെ രാജ്യത്തിലെ സകല സംസ്ഥാനങ്ങളിലുമുള്ള ജാതികളുടെ ഇടയിൽ ഒരു ജാതി ചിന്നിച്ചിതറിക്കിടക്കുന്നു; അവരുടെ ന്യായപ്രമാണങ്ങൾ മറ്റുള്ള സകല ജാതികളുടേതി നോടും വ്യത്യാസപ്പെട്ടിരിക്കുന്നു; അവർ രാജാവിന്റെ പ്രമാണ ങ്ങളെ അനുസരിക്കുന്നതുമില്ല; അതുകൊണ്ട് അവരെ അങ്ങനെ വിടുന്നതു രാജാവിനു യോഗ്യമല്ല.”

അന്യദേശത്ത് അവർ അവിടത്തെ അധികാരിയുടെ ആജ്ഞ കളല്ല അനുസരിച്ചത്; ഭൂരാജാക്കന്മാർക്ക് അധിപതിയായ *(വെളിപ്പാട് 1:5)* ദൈവത്തിന്റെ ന്യായപ്രമാണം പിൻപറ്റുക യായിരുന്നു. ചിന്നിച്ചിതറി പാർത്തിരുന്ന അവർക്ക്, വേർപാടിന്റെ ഐകരൂപ്യസാക്ഷ്യം നല്കുവാൻ തന്മൂലം സാധിച്ചു. ഇന്നും വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ ജ്യോതിസ്സു കളെപ്പോലെ പ്രകാശം കൊടുത്തു സാക്ഷ്യം വഹിക്കുവാൻ ജീവന്റെ വചനം പ്രമാണിക്കുന്ന ദൈവമക്കൾക്കു സാധിക്കും *(ഫിലി. 2:14,15).*

## ഏതിൽനിന്നൊക്കെ വേർപാടു പാലിക്കണം?

### 1. ബൈബിൾ മാത്രം പ്രമാണമായി സ്വീകരിക്കാത്ത മതങ്ങളിൽനിന്നു വേർപെടണം

ക്രിസ്തീയസഭയുടെ പ്രമാണം ബൈബിൾ മാത്രമാണ്. ബൈബിളിനോട്, വചനത്തിനു നിരക്കാത്ത പിതൃപാരമ്പര്യം ചേർക്കുന്നതും വചനവിരുദ്ധമായ അനുഭവങ്ങളിൽ അടി സ്ഥാനപ്പെട്ടു സഭ പണിയാൻ ശ്രമിക്കുന്നതും അവിശ്വസ്തത യാണ്. ബൈബിൾ മാത്രം പ്രമാണമായി സ്വീകരിക്കുന്ന സഭകളിലും, വചനത്തിൽനിന്നു വ്യതിചലനം സംഭവിക്കാം. എന്നാൽ പ്രാപിച്ച പ്രമാണത്തിലേക്ക്, മാനസാന്തരത്തി ലൂടെ യഥാസ്ഥാനപ്പെടാം *(വെളിപ്പാട് 3:3).* എന്നാൽ വചന വിരുദ്ധമായ വിശ്വാസപ്രമാണങ്ങൾ സ്വീകരിക്കുന്ന സമുദായ ങ്ങൾക്ക്, ഈ യഥാസ്ഥാനം സാധിക്കയില്ല.

അങ്ങനെയുള്ള മതങ്ങളിൽനിന്നും വേർപെട്ട് വചനപ്രകാരമുള്ളൊരു സ്ഥലംസഭയോടു ചേർന്നുപോകുന്നവർക്കേ ദൈവം പ്രസാദിക്കുന്ന സഭാജീവിതം സാധിക്കയുള്ളൂ.

## 2. അശുദ്ധിയിൽനിന്നു വേർപെടണം

*2 കൊരിന്ത്യർ 6:16* "അശുദ്ധമായതൊന്നും തൊടരുത്." പാപത്തെ ഇരുളിനോടു സാദൃശ്യപ്പെടുത്തിയാണ് ബൈബിൾ സംസാരിക്കുന്നത്: "മുമ്പേ നിങ്ങൾ ഇരുളായിരുന്നു; ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു" *(എഫെസ്യർ 5:8).*

ഇരുട്ടിന്റെ പ്രവൃത്തികളെ വച്ചുകളഞ്ഞ്, വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചു ജീവിക്കുവാൻ കടപ്പെട്ടവരാണ് സഭാംഗങ്ങൾ *(റോമർ 13:12).* ഇരുട്ടിന്റെ നിഷ്ഫലപ്രവൃത്തികൾ ചെയ്യാതിരുന്നാൽ മാത്രം പോരാ, അതിൽ കൂട്ടാളികൾ ആകാതെ വേർപാടു പാലിക്കണം *(എഫെസ്യർ 5:11).* പാപങ്ങളിൽ കൂട്ടാളികൾ ആകുന്നവർ ബാധകളിൽക്കൂടി ഓഹരിക്കാരാകേണ്ടിവരും. "വേറൊരു ശബ്ദം സ്വർഗ്ഗത്തിൽനിന്നു പറയുന്നതായി ഞാൻ കേട്ടത്: എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയും ഇരിക്കുവാൻ അവളെ വിട്ടുപോരുവിൻ" *(വെളിപ്പാട് 18:4).*

സഭ വിശുദ്ധനായ ദൈവത്തിന്റെ വകയാണ്; കർത്താവിന്റെ രക്തത്തിന്റെ സാദ്ധ്യതയാൽ ശുദ്ധീകരണം പ്രാപിച്ച വിശുദ്ധന്മാരുടെ സഭയാണ് (*മത്തായി 16:18; 1 കൊരിന്ത്യർ 14:34);* സഭയിൽ അശുദ്ധി ശാസിക്കപ്പെടണം *(എഫെസ്യർ 5:11);* ദുർന്നടപ്പുകാരനെ സഭയിൽനിന്നു പുറത്താക്കിയും സഭയുടെ വിശുദ്ധി സൂക്ഷിക്കപ്പെടണം *(1 കൊരിന്ത്യർ 5:2,13).*

ദുർന്നടപ്പുകാരനും വ്യഭിചാരിയും മദ്യപാനിയും പിടിച്ചുപറിക്കാരനും സഭാംഗങ്ങളായി സംരക്ഷിക്കപ്പെടുന്ന സംവിധാനത്തിൽനിന്നും സത്യവിശ്വാസികൾ പുറപ്പെട്ടു വേർപെട്ടിരി

ക്കണം. രക്ഷിക്കപ്പെടാത്തവരും രക്ഷിക്കപ്പെട്ടവരും, ഇരുളും വെളിച്ചവും ഒരുമിച്ചു കൂട്ടായ്മ ആചരിക്കുന്ന സംവിധാനത്തെ ദൈവം അംഗീകരിക്കുകയില്ല. രക്ഷിക്കപ്പെട്ടവരെ മാത്രം സഭാംഗങ്ങളായി അംഗീകരിക്കുന്നതാണല്ലോ, സത്യസഭയുടെ ലക്ഷണം *(അ. പ്രവൃത്തി 2:47).*

## 3. ദുരുപദേശങ്ങളിൽനിന്നു വേർപെടണം

ഹെരോദാവിന്റെ ദുർന്നടപ്പിനെ പുളിച്ചമാവായി ചിത്രീകരിച്ച കർത്താവ്, പരീശന്മാരുടെയും സദൂക്യരുടെയും ദുരുപദേശത്തെയും പുളിച്ചമാവായിത്തന്നെയാണ് കണ്ടത് *(മത്തായി 16:11,12).*

*മർക്കൊസ് 8:15* "അവൻ അവരോട്: നോക്കുവിൻ, പരീശരുടെ പുളിച്ചമാവും ഹെരോദാവിന്റെ പുളിച്ചമാവും സൂക്ഷിച്ചുകൊൾവിൻ എന്നു കല്പിച്ചു."

അപ്പന്റെ ഭാര്യയെ വച്ചുകൊള്ളുന്ന ദുർന്നടപ്പുകാരനെ സഭയിൽനിന്നു പുറത്താക്കിയില്ലെങ്കിൽ അസാരം പുളിച്ചമാവ് പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുമെന്നു ദൈവാത്മാവ് *1 കൊരിന്ത്യർ 5:6* ൽ മുന്നറിയിപ്പുതരുന്നു. ഇതേ മുന്നറിയിപ്പുതന്നെ *ഗലാത്യർ 5:9* ൽ ആവർത്തിക്കുന്നു. ഗലാത്യലേഖനത്തിൽ ദുരുപദേശം എന്ന പുളിച്ചമാവിന് എതിരെയാണ് ദൈവാത്മാവ് സംസാരിക്കുന്നത്.

കൃപയാൽ വിശ്വാസത്താൽ പാപിയായ മനുഷ്യൻ നീതീകരിക്കപ്പെടുന്നു എന്നു പത്ഥ്യോപദേശം പറയുമ്പോൾ, രക്ഷയ്ക്കു പരിച്ഛേദനകൂടി ഏല്ക്കണം എന്നു ദുരുപദേഷ്ടാക്കൾ പഠിപ്പിച്ചു. *അ. പ്രവൃത്തി 15:1* "യെഹൂദ്യയിൽനിന്നു ചിലർ വന്ന്: നിങ്ങൾ മോശെ കല്പിച്ച ആചാരം അനുസരിച്ചു പരിച്ഛേദന ഏല്ക്കാതിരുന്നാൽ രക്ഷപ്രാപിപ്പാൻ കഴികയില്ല എന്നു സഹോദരന്മാരെ ഉപദേശിച്ചു." ഈ ദുരുപദേശത്തെ പ്രതിരോധിക്കാൻ, പൗലൊസും സഹപ്രവർത്തകരും വളരെ പരിശ്രമിച്ചിട്ടുണ്ട്.

"സ്നാനത്താൽ രക്ഷ" എന്നുള്ളത് ഈ ദുരുപദേശത്തിന്റെ ആധുനിക ഭാഷ്യമാണ്. "മാമോദീസയാൽ രക്ഷിക്കപ്പെട്ട ദൈവജനമേ" എന്ന സംബോധന ഇന്ന് "സുവിശേഷയോഗങ്ങളിൽ" പോലും സാധാരണയാണല്ലോ. ഈ വാക്കുകൾ അതുപോലെ വിശ്വസിക്കുന്നവർ വഞ്ചിക്കപ്പെട്ടു നിത്യനരകത്തിൽ എത്തിച്ചേരും എന്നുള്ളത്, ഈ ദുരുപദേശത്തിന്റെ ഭയാനകതയെ വ്യക്തമാക്കുന്നു.

പരേതാത്മാവിന്റെ ശാന്തിക്കായി നടത്തുന്ന പ്രാർത്ഥനകളും കൂദാശകളും അടിയന്തിരങ്ങളും, ക്രൈസ്തവമതങ്ങളിൽ പോലും സാധാരണയാണ്. ഇങ്ങനെയുള്ള ദുരുപദേശങ്ങളിലും ദുരാചാരങ്ങളിലും പ്രതീക്ഷയർപ്പിച്ചു ജീവിക്കുന്നവർ എത്രയോ ഭയാനകമായ നിത്യനരകത്തിലേക്കു നീങ്ങുന്നു.

സത്യസുവിശേഷം പ്രസംഗിക്കുന്നവർ, ഇത്തരം ദുരുപദേശങ്ങളെയും ദുരാചാരങ്ങളെയും വിട്ടു പുറപ്പെട്ടു വേർപാട് പാലിക്കേണ്ടതാണ്. ഇരുട്ടിന്റെ നിഷ്ഫലപ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത് എന്ന കല്പന, ഈ ബന്ധത്തിലും പ്രസക്തമാണ്. ആത്മരക്ഷ, കൃപയാൽ വിശ്വാസത്താൽ ഈലോകജീവിതത്തിൽ പ്രാപിക്കേണ്ടതാണെന്നു വിശ്വസിക്കുന്നവർ പരേതാത്മാവിന്റെ ശാന്തിയെ ലക്ഷ്യമാക്കി നടത്തുന്ന കർമ്മങ്ങളിൽ കൂട്ടാളികൾ ആകാതെ വേർപാടു പാലിച്ച്, ഈ പത്ഥ്യോപദേശത്തെ ജീവിതംകൊണ്ട് അലങ്കരിക്കണം *(തീത്തൊസ് 2:9).*

വിഗ്രഹങ്ങളെ സേവിച്ചുവന്നവർ വിഗ്രഹങ്ങളെ വിട്ടു ദൈവത്തിങ്കലേക്കു തിരിഞ്ഞുവന്നതാണ് ഒന്നാം നൂറ്റാണ്ടിലെ മാതൃക *(1 തെസ്സലൊനീക്യർ 1:9).* രക്ഷിക്കപ്പെട്ടപ്പോൾ, അൻപതിനായിരം വെള്ളിക്കാശ് വിലയുള്ള മന്ത്രവാദപുസ്തകങ്ങളെ കത്തിച്ചുകൊണ്ടാണ് എഫെസൊസുകാർ വേർപാടിന്റെ മാതൃക കാണിച്ചത് *(അ. പ്രവൃത്തി 19:19).*

# IV. സഭയോടു ചേരണം

സുവിശേഷം ഒരു വ്യക്തിയെ സഭയോടു ചേർക്കുന്ന സന്ദേശമാണ്. പാപിയായ മനുഷ്യൻ യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കുമ്പോൾ രക്ഷിക്കപ്പെടും. രക്ഷിക്കപ്പെടുന്ന ഒരാളെ കർത്താവ് തന്റെ സഭയോടു ചേർക്കും. *അ. പ്രവൃത്തി 2:47* "കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനം പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു."

കർത്താവിന്റെ മാർമ്മിക ശരീരമായ സാർവ്വത്രിക സഭയോടു ചേർക്കപ്പെട്ട ഒരു ദൈവപൈതൽ, വചനപ്രകാരമുള്ള ഒരു പ്രാദേശിക സഭയോടു ചേരണം. മക്കൾ വളരേണ്ടതു കുടുംബത്തിൽ ആയിരിക്കുന്നതുപോലെ, വീണ്ടും ജനിച്ച ദൈവമക്കൾ വളരേണ്ടത് ആത്മിക കുടുംബമായിരിക്കുന്ന സ്ഥലംസഭയിലാണ്. സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുന്നതിന്, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായുള്ള സ്ഥലംസഭയോടുള്ള സജീവ ബന്ധം അനിവാര്യമാണ് *(1 തിമൊഥെയൊസ് 2:4; 3:15).*

പെന്തെക്കോസ്ത് പെരുന്നാളിൽ, പത്രൊസിന്റെ വാക്കു കൈക്കൊണ്ടു രക്ഷിക്കപ്പെട്ടവർ സ്നാനം ഏറ്റു. അവർ അപ്പൊസ്തലികവൃന്ദത്തോടു ചേർന്നു *(അ. പ്രവൃത്തി 2:41,42).* ക്രിസ്തീയ കൂട്ടായ്മയുടെയും ഐക്യതയുടെയും ആസ്വാദ്യത അവർ ആദിമസഭയിൽ അനുഭവിച്ചു. വചനപ്രകാരമുള്ളൊരു സ്ഥലംസഭാബന്ധത്തിൽ ഇന്നും ഇത് അനുഭവിക്കാം.

സഭാംഗങ്ങൾ ഉത്സാഹത്തോടെ അനുവർത്തിക്കേണ്ട നാലു കാര്യങ്ങളാണ് *അ. പ്രവൃത്തി 2:42* ൽ ആദിമസഭയുടെ മാതൃകയിൽ കാണുന്നത്. ഇക്കാര്യങ്ങൾ ഉത്സാഹത്തോടെ ചെയ്യുന്ന

തിനുള്ള സാവകാശം വചനപ്രകാരമുള്ളൊരു സ്ഥലംസഭയിൽ ഉണ്ടായിരിക്കണം. ഇതിനുള്ള അവസരം ഒരുക്കിക്കൊടുക്കുന്ന തിനുള്ള ഉത്തരവാദിത്വം സഭാമൂപ്പന്മാർക്കുണ്ട്.

### 1. അപ്പൊസ്തലന്മാരുടെ ഉപദേശം കേൾക്കണം

അപ്പൊസ്തലിക ഉപദേശത്തിലാണ് സഭ പണിയപ്പെടുന്നത് *(എഫെസ്യർ 2:20).* സഭയാകുന്ന ദൈവാലയത്തിൽ നട ക്കേണ്ടത് എങ്ങനെ എന്ന് അറിയേണ്ടതിന് അപ്പൊസ്തലന്മാർ എഴുതിയ ലേഖനങ്ങളാണ് പരിശോധിക്കേണ്ടത് *(1 തിമൊഥെ യൊസ് 3:15).* അപ്പൊസ്തലന്മാർ വാമൊഴിയായും വരമൊഴി യായും ഉപദേശിച്ച പ്രമാണങ്ങളെയാണ് സഭ മുറുകെപ്പിടി ക്കേണ്ടത്. സഭാപ്രമാണങ്ങളുടെ ആത്യന്തികരേഖ പുതിയ നിയമത്തിലെ ലേഖനങ്ങളാണ് *(2 തെസ്സലൊനീക്യർ 2:15).*

സഭാംഗങ്ങളുടെ ആത്മിക വളർച്ചയ്ക്ക് അടിസ്ഥാനം വചന മെന്ന മായമില്ലാത്ത പാലാണ് *(1 പത്രൊസ് 2:1,2).* ഇടയന്മാ രുടെ പ്രധാന ഉത്തരവാദിത്വം ആടുകൾക്ക് ആഹാരം കൊടു ക്കുന്നതാണ്. തങ്ങളുടെ ആത്മിക കുടുംബമായിരിക്കുന്ന സഭയിൽ നല്കപ്പെടുന്ന വചനം പഠിച്ചു പ്രായോഗികമാക്കി ജീവിക്കുന്നതിനുള്ള ഉത്തരവാദിത്വം സഭാംഗങ്ങൾക്കുണ്ട്. ഈ ഉത്തരവാദിത്വത്തെ അലക്ഷ്യമാക്കുന്ന സഭാംഗങ്ങൾ തങ്ങളെ ത്തന്നെ ചതിക്കുന്നവരാണ് (കൂടുതൽ വിവരങ്ങൾ "തിരു വെഴുത്തിലേക്കു തിരിഞ്ഞുവരാം" എന്ന പുസ്തകത്തിൽ).

### 2. കൂട്ടായ്മ ആചരിക്കണം

ആസ്വാദ്യകരമായ ദൈവിക കൂട്ടായ്മയും അന്യോന്യ കൂട്ടായ്മയും വചനപ്രകാരമുള്ളൊരു സ്ഥലംസഭയിൽ ഉണ്ട്. സഭയ്ക്കകത്തുള്ള സന്തോഷകരമായ കൂട്ടായ്മയെ തകർക്കുവാൻ പരിശ്രമിക്കുന്ന പിശാച്, സഭയ്ക്കു പുറ ത്തുള്ള സമാന്തര "കൂട്ടായ്മകളെ" ശക്തിപ്പെടുത്തുന്നു. പ്രാർത്ഥനാകൂട്ടായ്മകളും ഉണർവ്വുകൂട്ടായ്മകളും ആരാ ധനാകൂട്ടായ്മകളും കരിസ്മാറ്റിക്കൂട്ടായ്മകളുമൊക്കെ വളർന്നു പന്തലിക്കുന്നു. ഇവയുടെ അതിപ്രസരത്തിൽ

കർത്താവിന്റെ രക്തത്തിന്റെ സമ്പാദ്യമായ സഭ എന്ന സത്യം വിസ്മരിക്കപ്പെടുന്നു *(അ. പ്രവൃത്തി 20:28).* സഭയുടെ പ്രാധാന്യം തിരിച്ചറിയാത്ത ഉണർവ്വ് ദൈവികമല്ല.

കർത്താവ് സ്നേഹിക്കുന്ന, കർത്താവ് തന്നെത്താൻ ഏല്പിച്ചുകൊടുത്ത, കർത്താവ് പോറ്റിപ്പുലർത്തുന്ന *(എഫെസ്യർ 5:25,27,29)* സഭയെ അവഗണിക്കുന്നവരിൽ കർത്താവ് പ്രസാദിക്കയില്ല.

കർത്താവിനോടുള്ള കൂട്ടായ്മയുടെ ആസ്വാദ്യത എല്ലാ സഭാംഗങ്ങൾക്കും അനുഭവിക്കുവാൻ സാധിക്കണം. കർത്താവ് വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ, വെളിച്ചത്തിൽ നടക്കുന്നവർക്കേ ഈ കൂട്ടായ്മ അനുഭവിപ്പാൻ കഴികയുള്ളൂ *(1 യോഹന്നാൻ 1:7).* കർത്താവിനോടുള്ള കൂട്ടായ്മയ്ക്കു വിഘാതമായിത്തീരാവുന്ന പാപങ്ങളെ തിരിച്ചറിഞ്ഞ് ഏറ്റുപറഞ്ഞ് ഉപേക്ഷിച്ചു ശുദ്ധീകരണം പ്രാപിക്കണം. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നതാണ്.

കർത്താവിനോടുള്ള ഏകാഗ്രതയിൽനിന്നും മനസ്സുകൊണ്ടു വ്യതിചലിക്കുന്നവർക്ക്, കർത്താവിനോടുള്ള കൂട്ടായ്മയുടെ ആസ്വാദ്യത അനുഭവിപ്പാൻ കഴികയില്ല *(2 കൊരിന്ത്യർ 11:2,3; അ. പ്രവൃത്തി 11:23).*

കർത്താവിനോടുള്ള കൂട്ടായ്മ നന്നായി അനുഭവിക്കുന്നവർക്ക്, അന്യോന്യം കൂട്ടായ്മയുണ്ട്. ദൈവകൃപ ഒരുമിച്ചു പങ്കിട്ടവർ തങ്ങൾക്കുള്ളതും ഒരുമിച്ചു പങ്കിടുകയായിരുന്നു. ഈ കൂട്ടായ്മയുടെ മഹത്വം ആദിമസഭയുടെ ഐക്യതയിലാണ് പ്രതിഫലിച്ചത്. അവർ ഒരുമനപ്പെട്ടാണു കൂടിവന്നത് *(അ. പ്രവൃത്തി 2:46);* അവർ ഒരുമനപ്പെട്ടാണു ദൈവത്തോടു നിലവിളിച്ചത് *(അ. പ്രവൃത്തി 4:24).*

അവരുടെ കൂട്ടായ്മയുടെ പാരമ്യം *അ. പ്രവൃത്തി 4:32* ൽ വായിക്കുന്നു: “വിശ്വസിച്ചവരുടെ കൂട്ടം ഏകഹൃദയവും ഏക

മനസ്സും ഉള്ളവരായിരുന്നു; തനിക്കുള്ളതൊന്നും സ്വന്തം എന്ന് ആരും പറഞ്ഞില്ല; സകലവും അവർക്കു പൊതുവായിരുന്നു."

തങ്ങൾക്കു ദൈവം നല്കുന്നതിനെ ആവശ്യക്കാരുമായി പങ്കിടുന്നതാണ് കൂട്ടായ്മയുടെ പ്രായോഗിക പാഠം.

തങ്ങൾക്കുള്ള നിലങ്ങളും വീടുകളും വിറ്റു വിഭാഗിച്ചത് പില്ക്കാലത്തു യെരൂശലേമിലെ വിശ്വാസികളുടെ ഇടയിൽ ക്ഷാമത്തിനു കാരണമായിത്തീർന്നു എന്നു കരുതുന്നുണ്ട്. നിലങ്ങൾ വിറ്റപ്പോൾ അദ്ധ്വാനത്തിനുള്ള അവസരം നഷ്ട മാകുകയായിരുന്നു. തങ്ങളുടെ അദ്ധ്വാനഫലം ആവശ്യക്കാരു മായി പങ്കിടുന്നതാണ്, വിവേകത്തോടെയുള്ള കൂട്ടായ്മ. തങ്ങൾക്കുള്ളതു വിറ്റു കൊടുക്കുന്നതിനുള്ള കല്പന, ലേഖന ങ്ങളിൽ സഭകൾക്കു നല്കപ്പെട്ടിട്ടില്ല എന്നുള്ളതും ഈ ബന്ധത്തിൽ ചിന്തനീയമാണ്. സഭാംഗങ്ങൾക്ക് അന്യോന്യ മുള്ള സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും ആസ്വാദ്യത യാണല്ലോ ശിഷ്യത്വത്തിന്റെ സാക്ഷ്യം *(യോഹന്നാൻ 13:35).*

### 3. അപ്പം നുറുക്കണം

സഭാംഗങ്ങൾക്ക് എല്ലാ കർത്തൃദിവസത്തിലും കർത്തൃമേശ ആചരിച്ച് ആരാധിക്കുന്നതിനുള്ള സാവകാശം വചനപ്രകാര മുള്ളൊരു സ്ഥലംസഭയിൽ ഉണ്ടായിരിക്കും. കർത്തൃമേശാ ചരണം കർത്താവിന്റെ കല്പനയാണ് *(ലൂക്കൊസ് 22:14-20; 1 കൊരിന്ത്യർ 11:23-32).* കർത്താവിനോടുള്ള സ്നേഹം ഈ കല്പന അനുസരിക്കുന്നതിലും പ്രതിഫലിക്കും. "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും." "അവനെ അറിഞ്ഞിരിക്കുന്നു എന്നു പറ യുകയും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളൻ ആകുന്നു; സത്യം അവനിൽ ഇല്ല" *(യോഹന്നാൻ 14:15,21,23,24; 1 യോഹന്നാൻ 2:4).*

കർത്തൃമേശ എങ്ങനെയെങ്കിലും ആചരിച്ചാൽ പോരാ, വെളിപ്പെടുത്തപ്പെട്ട ദൈവവചനസത്യങ്ങളോടുള്ള വിശ്വ സ്തതയിൽ ആചരിക്കണം.

രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട് പ്രാദേശിക സഭയോടുള്ള സജീവ ബന്ധത്തിൽ ഉള്ളവരാണ് അപ്പൊസ്തലിക കാലത്തു കർത്തൃമേശ ആചരിച്ചത്. എന്നാലിതു കടങ്ങളുടെ മോചനത്തിനും പാപങ്ങളുടെ പരിഹാരത്തിനുമായി നല്കുന്നതു വചന വിരുദ്ധമാണ്.

അപ്പവീഞ്ഞുകൾ കർത്താവിന്റെ ശരീരവും രക്തവുമായി മാറുന്നു എന്ന ദുരുപദേശം തെളിയിക്കാനായി കടിച്ച അപ്പക്ഷണത്തിൽനിന്നു രക്തം ഒഴുകുന്ന വീഡിയോ ചിത്രം പോലും കാണിക്കുന്നു. വെള്ളം രക്തമാക്കിത്തീർത്ത മിസ്രയീമ്യമന്ത്രവാദികളിൽ വ്യാപരിച്ച ശക്തിക്ക് ഇത് അസാദ്ധ്യം എന്നു കരുതേണ്ടതില്ല *(പുറപ്പാട് 7:11,22).*

ഉപദേശപഠനത്തിന് അനുഭവങ്ങളെ ആധാരമാക്കുന്നവരെ പിശാച് വഴിതെറ്റിക്കും. എഴുതപ്പെട്ട തിരുവെഴുത്തുകൾ ആകട്ടെ ഉപദേശത്തിന് ആധാരം. വചനം സാധൂകരിക്കാത്ത അനുഭവങ്ങളെ തള്ളിക്കളയുവാൻ വിശ്വാസികൾക്കു കഴിയണം.

കർത്തൃമേശ, സഭയ്ക്ക് നല്കപ്പെട്ടിട്ടുള്ള അനുഷ്ഠാനങ്ങളിൽ ഒന്നാണ്. അദൃശ്യമായി അനുഭവിക്കുന്ന ദൈവകൃപയുടെ ദൃശ്യരൂപമാണ് അനുഷ്ഠാനം. കർത്തൃമേശ ആചരിക്കുന്ന ദൈവപൈതൽ, കർത്താവിനോടുള്ള കൂട്ടായ്മയെയും അന്യോന്യം ആചരിക്കുന്ന കൂട്ടായ്മയെയും ഈ അനുഷ്ഠാനത്തിൽ സാക്ഷ്യപ്പെടുത്തുകയാണ്.

*(കൂടുതൽ വിശദാംശങ്ങൾ "പ്രാദേശിക സഭകൾ പ്രമാണങ്ങളും പ്രായോഗിക സത്യങ്ങളും" - പേജ് 76-91).*

അയോഗ്യമായി കർത്തൃമേശ ആചരിക്കുന്നത് അനുഗ്രഹമല്ല ശിക്ഷാർഹം ആണ് *(1 കൊരിന്ത്യർ 11:27).* വേർപാട് പാലിക്കാതെ കർത്തൃമേശ ആചരിക്കരുത്. കർത്താവിന്റെ പാനപാത്രവും ഭൂതങ്ങളുടെ പാനപാത്രവും കുടിപ്പാൻ പാടില്ല. കർത്താവിന്റെ മേശയിലും ഭൂതങ്ങളുടെ മേശയിലും അംശികൾ ആകുവാനും പാടില്ല *(1 കൊരിന്ത്യർ 10:21).*

കർത്തൃമേശ ശരിയായി ആചരിക്കുന്നവർക്ക്, ഓരോ കർത്തൃദിവസം പിന്നിടുന്തോറും കർത്താവിന്റെ തികഞ്ഞ വിശുദ്ധിയി

ലേക്കു വളരുവാൻ കഴിയും *(2 കൊരിന്ത്യർ 7:1).* തന്നെത്താൻ ശോധന ചെയ്ത് പാപം ഏറ്റുപറഞ്ഞ് ഉപേക്ഷിച്ചു ശുദ്ധീകരണം പ്രാപിക്കുന്നതാണല്ലോ, യോഗ്യമായി കർത്തൃമേശ ആചരിക്കുന്നതിനുള്ള ഒരുക്കം. കർത്തൃമേശ ആചരിക്കുന്നതിൽ വചനപ്രമാണത്തിനു നിരക്കാത്ത ദീർഘമായ ഇടവേള അശുദ്ധിയിൽ തുടരുന്നതിന് അനുവാദമായിത്തീരും എന്നുള്ളതിനാൽ അപകടമാണ്.

### 4. പ്രാർത്ഥിക്കണം

പ്രാർത്ഥന ആശ്രയത്തെയാണ് ചൂണ്ടിക്കാണിക്കുന്നത്. സഭയായുള്ള പ്രാർത്ഥന സഭയായുള്ള ആശ്രയത്തെ സാക്ഷിക്കുന്നു. ആദ്യനൂറ്റാണ്ടിലെ സ്ഥലംസഭകൾ അഭിമുഖീകരിച്ച പ്രതിസന്ധികളെ പ്രാർത്ഥനയാൽ അതിജീവിക്കയായിരുന്നു.

### 1. ആരുടെ നാമത്തിൽ പ്രാർത്ഥിക്കണം?

പ്രാർത്ഥിക്കുന്ന സഭ കർത്താവിന്റെ നാമത്തെ മുറുകെപ്പിടിക്കുകയാണ് *(വെളിപ്പാട് 2:13; ആവർത്തനം 9:13).* ഇന്ന് മറ്റു പല മദ്ധ്യസ്ഥന്മാരുടെ നാമങ്ങളിൽ പ്രാർത്ഥിക്കുന്ന ആത്മിക അവിശ്വസ്തത വ്യാപകമായി കാണുന്നു. *1 തിമൊഥെയൊസ് 2:5,6* “ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ: എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ.” പല ദൈവങ്ങൾ ഉണ്ടെന്നു പറയുന്നതുപോലെ ദുരുപദേശമാണ്, പല മദ്ധ്യസ്ഥന്മാർ ഉണ്ടെന്നു പറയുന്നതും. “എന്റെ നാമത്തിൽ അപേക്ഷിപ്പിൻ” എന്നുള്ള കർത്താവിന്റെ ആഹ്വാനത്തോടുള്ള *(യോഹന്നാൻ 16:23,24)* അവിശ്വസ്തതയാണു മറ്റു നാമങ്ങളിൽ ഉള്ള മദ്ധ്യസ്ഥപ്രാർത്ഥന.

സഭാംഗങ്ങൾക്കു മദ്ധ്യസ്ഥപ്രാർത്ഥന കർത്താവിന്റെ നാമത്തിൽ ചെയ്യുവാൻ പൗരോഹിത്യ അവകാശമുണ്ട്. അന്യോന്യബന്ധത്തിലുള്ള ഉത്തരവാദിത്വവുമാണത്. ഫീസ് വാങ്ങി വിശുദ്ധന്മാരുടെ നാമത്തിൽ പ്രാർത്ഥിക്കുന്നതു വിപരീത ഉപദേശമാണ്.

## 2. എങ്ങനെ പ്രാർത്ഥിക്കാം?

പ്രാർത്ഥനാനിരതമായൊരു ജീവിതമാണ്, ദൈവം തന്റെ മക്കളോട് ആവശ്യപ്പെടുന്നത്. ഇടവിടാതെ പ്രാർത്ഥിക്കുന്നതിനുള്ള പൗലൊസിന്റെ പ്രബോധനവും *(1 തെസ്സലൊനീക്യർ 5:17),* പ്രാർത്ഥിച്ച തന്റെ മാതൃകയും *(കൊലൊസ്സ്യർ 1:9)* ഈ വസ്തുതയിലേക്കാണ് വിരൽചൂണ്ടുന്നത്. രാജാവിന്റെ ചോദ്യത്തിന് പ്രാർത്ഥിച്ച് ഉത്തരം പറയുന്ന നെഹെമ്യാവ് ഇക്കാര്യത്തിൽ മാതൃകയാണ് *(നെഹെമ്യാവ് 2:4).*

അദൃശ്യനും സർവ്വവ്യാപിയുമായ ദൈവത്തോടു പ്രാർത്ഥിക്കുമ്പോൾ ഒരു ദിക്കിന് പ്രത്യേക പ്രാധാന്യം കല്പിക്കേണ്ടതില്ല. രണ്ടോ മൂന്നോ പേർ കർത്താവിന്റെ നാമത്തിൽ കൂടിവരുമ്പോൾ അവരുടെ നടുവിലാണ് കർത്താവ് തന്റെ സാന്നിദ്ധ്യം വാഗ്ദത്തം ചെയ്തിരിക്കുന്നത് *(മത്തായി 18:20).*

കിഴക്കോട്ടു നോക്കി പ്രാർത്ഥിച്ചൊരു സംഭവം യിസ്രായേലിന്റെ ചരിത്രത്തിൽ കാണുന്നുണ്ട്. *യെഹെസ്കേൽ 8:16* "...ഇരുപത്തഞ്ച് പുരുഷന്മാർ തങ്ങളുടെ മുതുക് യഹോവയുടെ മന്ദിരത്തിന്റെ നേരെയും മുഖം കിഴക്കോട്ടും തിരിച്ചുകൊണ്ടു നിന്നിരുന്നു; അവർ കിഴക്കോട്ടു നോക്കി സൂര്യനെ നമസ്കരിക്കയായിരുന്നു."

സൂര്യാരാധന നടത്തുന്ന ജാതികളിൽനിന്നു യിസ്രായേൽ സ്വാംശീകരിച്ചൊരു കാര്യം ആയിരുന്നു ഇത് *(യിരെമ്യാവ് 8:2).* ക്രൈസ്തവമതവും ഈ പ്രാർത്ഥനാരീതി പേഗൺ മതങ്ങളിൽനിന്നു സ്വാംശീകരിച്ചതാണെന്നു കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

"ദേവാലയങ്ങൾ അലങ്കരിക്കുന്നത്, ധൂമം അർപ്പിക്കുന്നത്, മെഴുകുതിരി കത്തിക്കുന്നത്, വിശുദ്ധദിനം ആചരിക്കുന്നത്, സ്ഥലങ്ങൾ ആശീർവ്വദിക്കുന്നത്, വൈദിക വസ്ത്രങ്ങൾ സജ്ജമാക്കുന്നത്, വിവാഹമോതിരം നൽകുന്നത്, കിഴക്കു നോക്കി പ്രാർത്ഥിക്കുന്നത്, പ്രാർത്ഥനാഗീതം ആലപിക്കുന്നതു തുടങ്ങി ഒട്ടേറെ ആചാരമര്യാദകൾ പേഗൺ മതങ്ങളിൽനിന്നു പൗരാണിക ക്രൈസ്തവമതം സ്വന്ത

മാക്കിയിട്ടുള്ളവയാണെന്നു കർദ്ദിനാൾ പറഞ്ഞു" (മാതൃഭൂമി, 1974 ഡിസംബർ 7, കോഴിക്കോട് എഡിഷൻ).

ജാതികൾക്കൊത്ത ഈ ദുരാചരണത്തെ വിട്ടു വേർപെടുന്നവർക്കേ ദൈവത്തെ പ്രസാദിപ്പിക്കാൻ കഴികയുള്ളൂ.

മുട്ടുകുത്തി പ്രാർത്ഥിക്കുന്നതാണ് ഭക്തന്മാരിൽ കാണുന്ന മാതൃക *(ദാനീയേൽ 6:10; അ. പ്രവൃത്തി 20:36).* ദൈവ സാന്നിദ്ധ്യം വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന സഭായോഗങ്ങളിൽ മുട്ടുകുത്തിയാണ് പ്രാർത്ഥിക്കേണ്ടത്. *എഫെസ്യർ 3:14,15* "അതുനിമിത്തം ഞാൻ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേർ വരുവാൻ കാരണമായ പിതാവിന്റെ സന്നിധിയിൽ മുട്ടുകുത്തുന്നു."

മുട്ടുകുത്തുന്ന വ്യക്തി ദൈവമുമ്പാകെയുള്ള താഴ്മയെയും വിനയത്തെയും സാക്ഷ്യപ്പെടുത്തുകയാണ്. മുട്ടുകുത്തി പ്രാർത്ഥിക്കുന്നവരുടെ മദ്ധ്യേ കടന്നുവരുന്ന അവിശ്വാസിയും കവിണ്ണു വീണു ദൈവത്തെ നമസ്കരിക്കും *(1 കൊരിന്ത്യർ 14:24,25).*

## 3. എന്തു പ്രാർത്ഥിക്കണം?

കർത്താവ് പഠിപ്പിച്ച പ്രാർത്ഥനയും പിതാക്കന്മാർ ചിട്ടപ്പെടുത്തിയ പ്രാർത്ഥനകളും ഉരുവിട്ടാൽ മതി എന്നാണ് ചിലർ വിചാരിക്കുന്നത്. പ്രാർത്ഥനകൾ പ്രതിനിധാനം ചെയ്യുന്ന ജപമണികൾ എണ്ണി തൃപ്തിപ്പെടുന്നവരും ഉണ്ട്.

ദൈവത്തോടുള്ള ആത്മബന്ധത്തിന്റെ ആസ്വാദ്യതയിൽ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടി അറിയിക്കുന്നതാണല്ലോ പ്രാർത്ഥന. മകൻ അപ്പനോട് അറിയിക്കുന്ന കാര്യങ്ങൾ മനഃപാഠമാക്കാറില്ലല്ലോ.

കർത്താവ് ശിഷ്യന്മാരെ, പ്രാർത്ഥനയുടെ മാതൃക പഠിപ്പിക്കയായിരുന്നു: "നിങ്ങൾ ഈവണ്ണം പ്രാർത്ഥിപ്പിൻ" *(മത്തായി 6:9-13).* മത്തായി സുവിശേഷത്തിൽനിന്നും വ്യത്യസ്തമായ വാചകങ്ങളാണല്ലോ ലൂക്കൊസ് സുവിശേഷത്തിൽ വായിക്കുന്നത് *(ലൂക്കൊസ് 11:2-4).* എന്നാൽ രണ്ടു സുവിശേഷങ്ങളിലും മാതൃക ഒന്നുതന്നെയാണ്.

പ്രവൃത്തികളുടെ പുസ്തകത്തിലും ലേഖനങ്ങളിലും ധാരാളം പ്രാർത്ഥനകൾ കാണുന്നുണ്ടെങ്കിലും ഒരിടത്തു പോലും ഈ പ്രാർത്ഥനയുടെ ആവർത്തനം കാണുന്നില്ല, എന്നാൽ മാതൃക കാണാം.

ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം കഴിക്കുന്ന *(റോമർ 8:26)* കാര്യസ്ഥനായ പരിശുദ്ധാത്മാവ് സഭാംഗങ്ങളോടുകൂടെയുണ്ട് എന്നുള്ളതിനാൽ, ദൈവഹിത പ്രകാരം പ്രാർത്ഥിക്കുവാൻ പുതിയനിയമ വിശ്വാസിക്കു കഴിയും.

കർത്താവ് പഠിപ്പിച്ച പ്രാർത്ഥനയെ മാതൃകയാക്കിയും, അപ്പൊസ്തലന്മാരുടെ പ്രാർത്ഥനയെ അവലംബമാക്കിയും, ലേഖനങ്ങളിലെ പ്രാർത്ഥനാപ്രമാണങ്ങളെ അടിസ്ഥാനമാക്കിയുമായിരിക്കണം സ്ഥലംസഭയിലെ പ്രാർത്ഥന. ഭൂമിയിൽവച്ച് രണ്ടു പേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐകമത്യപ്പെട്ടാൽ, അതു സ്വർഗ്ഗസ്ഥനായ പിതാവിങ്കൽനിന്നു ലഭിക്കും എന്ന വാഗ്ദത്തത്തിനു സഭയിലെ പ്രാർത്ഥനയുടെ പശ്ചാത്തലമാണുള്ളത് *(മത്തായി 18:19,20)*. സഭയുടെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന അസാദ്ധ്യതകളെ സാദ്ധ്യമാക്കിത്തീർത്തിട്ടുണ്ട് *(അ. പ്രവൃത്തി 12:5,16,17)*.

സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ സ്ഥലംസഭയോടുള്ള സജീവബന്ധം സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുന്നതിന് അനിവാര്യമാണ് *(1 തിമൊഥെയൊസ് 2:4; 3:15)*.

ദൈവം കല്പിക്കുന്ന കാര്യങ്ങൾ അറിയാൻ കഴിയാതെ അന്ധതയിൽ തപ്പിത്തടയുന്നവർ അനവധിയുണ്ട്. അറിഞ്ഞിട്ടു ദൈവത്തിന്റെ ആലോചനകൾ തങ്ങൾക്കു വൃഥാവാക്കി കളയുന്നവരും ധാരാളം ഉണ്ട്. കർത്താവിന്റെ കല്പനകളെ പ്രമാണിക്കുന്നവരാണ് ഭാഗ്യവാന്മാർ. കർത്താവിന്റെ കല്പനകളെ പ്രമാണിച്ചു ഭാഗ്യവാന്മാരാകുവാൻ അനുവാചകരെ ദൈവം അനുഗ്രഹിക്കട്ടെ എന്ന ആശംസയോടും പ്രാർത്ഥനയോടുംകൂടെ ഈ വാക്കുകൾ ഉപസംഹരിക്കുന്നു.

# ഗ്രന്ഥകർത്താവിന്റെ
# ഇതര കൃതികൾ

1. നിങ്ങളെക്കുറിച്ചുള്ള ദൈവേഷ്ടം
2. പ്രാദേശിക സഭകൾ –
   പ്രമാണങ്ങളും പ്രായോഗിക സത്യങ്ങളും
3. വിശ്വാസിയിൽ പാപം
4. വിശ്വാസിയും സമ്പത്തും
5. തിരുവെഴുത്തിലേക്കു തിരിഞ്ഞുവരാം
6. ഭക്തിയുള്ള കുടുംബം
7. ദൈവേഷ്ടം ചെയ്യുവിൻ
8. കർത്താവിന്റെ കാര്യം നോക്കണം
9. ദൈവത്തിങ്കലേക്കു തിരിയുവിൻ
10. ക്രിസ്തു എന്നിൽ ജീവിക്കുന്നു
11. വിജയകരമായ സഭാജീവിതം
12. സൂക്ഷിച്ചുകൊൾവിൻ
13. ഇതാ സഹോദരന്മാർ
14. ഇതാ തനിച്ചുപാർക്കുന്നൊരു ജനം
15. ഞാൻ ദൈവത്തിൽനിന്ന് ജനിച്ചിട്ടുണ്ടോ?
16. ഉണർത്തപ്പെട്ട സഭ


കൂടുതൽ വിവരങ്ങൾക്ക്:

**MANNOOR CHURCH** (brethren)
**V. P. Paulose**
Bethel, Valayil House
Keezhillam P. O., Mannoor, Kerala, PIN - 683 541
Mob: 9847536311
**T. K. Paulose -** 9947446810


EBENEZER 0487 2360992